

“ഭാരതമേ നിന്റെ രക്ഷ നിന്റ സന്താനങ്ങളിൽ” (പോപ്പ് ലെയൊ XIII)

# മിഷൻ ജ്യോതി

സ്നേഹം – ത്യാഗം – സേവനം – സഹനം  വാർത്ത പത്രിക  വാല്യം - 8 ലക്കം - 1

ചെറുപുഷ്പ മിഷൻ ലീഗ്, തലശ്ശേരി അതിരൂപത

## ഹൃദയങ്ങൾ പുൽക്കൂടുകളാക്കാം



**ഈ**ശോയിൽ സ്നേഹം നിറഞ്ഞ കുഞ്ഞു മിഷനറിമാരെ,

ശാന്തിയുടെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശവുമായി ഒരു ക്രിസ്തുമസ് കൂടി ആഗതമായിരിക്കുകയാണ്. കൊറോണ വൈറസിന്റെ ഭീതിയിലൂടെ കടന്നുപോകുന്ന മനുഷ്യകുലത്തിന് ഈ ക്രിസ്തുമസ് വലിയ പ്രത്യാശയുടെ സന്ദേശമാണ് നൽകുന്നത്. പാപാന്ധകാരത്തിൽ കഴിഞ്ഞിരുന്ന പഴയനിയമ ജനതയ്ക്ക് ലഭിച്ച വലിയ പ്രകാശമായിരുന്നു ക്രിസ്തുവിന്റെ ജനനം.

നമ്മുടെ സങ്കടങ്ങളും വേദനകളും ആകുലതകളും ഏറ്റെടുക്കുവാൻ ദൈവം നമ്മോടൊത്തു വസിച്ചതിന്റെ അനുസ്മരണവും ആഘോഷവും ആണല്ലോ ക്രിസ്തുമസ്. എന്തെന്നാൽ, ‘അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കു ന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.’ (യോഹ. 3, 16) ദൈവം മനുഷ്യനെ തേടി വന്ന തിന്റെ അനുസ്മരണമാണ് ക്രിസ്തുമസ്. അവിടുന്ന് നമ്മിൽ ഒരുവനായി നമുക്ക് അനുഭവവേദ്യനായി.

ദൈവം മനുഷ്യനായി അവതരിച്ചതിലൂടെ മനുഷ്യന്റെ ആകുലതകളും വേദന കളും അവന്റെ വിശപ്പും ദാഹവും അവിടുന്ന് അനുഭവിച്ചു. ഇതെല്ലാം മനുഷ്യത്വത്തിന് മഹത്വമുണ്ടെന്ന് നമ്മളെ അനുസ്മരിപ്പിക്കു ന്നതിനാണ്. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവും പരിപാലകനും നിയന്താവുമായ ദൈവം മനുഷ്യന്റെ നശ്വരതയിലേക്ക് ഇറങ്ങി വന്നത് മനുഷ്യന്റെ മഹത്വം വർധിപ്പിക്കാനാണ്. മനുഷ്യനായി പിറക്കാൻ ഭൂമിയിൽ അവൻ കൊട്ടാരങ്ങൾ അല്ല തേടിയത്. മറിച്ച് നസ്രത്തിലെ ഒരു കാലിത്തൊഴുത്താണ്. ഈ ലോകത്തിലെ ഏറ്റവും നിസ്സാരനായ ഒരു വ്യക്തിക്ക്പോലും എത്തിച്ചേരാൻ പറ്റുന്ന ഒരു ഇടം കാലിത്തൊഴുത്തായതുകൊണ്ടാണ് അവിടുന്ന് അത് ജനനത്തിനായി തെരഞ്ഞെടുത്തത്.



പാവപ്പെട്ട ആട്ടിടയന്മാർക്കും ധനികരായ പൂജ്യരാജാക്കന്മാർക്കും ഈ കാലിത്തൊഴുത്തിൽ ഇടമുണ്ടായിരുന്നു. മനുഷ്യന്റെ മഹത്വത്തിന്റെ അടയാളം ഒരിക്കലും ഭൗതിക സമ്പത്ത് ആയിരിക്കരുതെന്നാണ് കാലി ത്തൊഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നത്. അതുകൊണ്ടാണ് ക്രിസ്തുമസ് എളിമയുടെ ഉത്സവമായി മാറുന്നത്.

അതിനാൽ പ്രിയമുള്ളവരെ ദരിദ്രരോട് താതാത്മ്യപ്പെട്ടു കൊണ്ട് വേണം പുൽത്തൊട്ടിയിൽ യേശുവിനെ നമ്മൾ ആരാധിക്കാനും സ്നേഹിക്കാനും. അതുകൊണ്ട് എളിമയുള്ള ഹൃദയത്തോടുകൂടി ഈ ദിവ്യ പൈതലിനെ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം. മിശിഹായുടെ സാന്നിധ്യം വിളിച്ചറിയിക്കുന്ന പുൽക്കൂടുകളായി നമ്മുടെ ഹൃദയങ്ങൾ മാറട്ടെ. എല്ലാവർക്കും അനുഗ്രഹപൂർണ്ണമായ ഒരു ക്രിസ്തുമസ് ആശംസിക്കുന്നു.

*മാർ ജോർജ്ജ് ഞറളക്കാട്ട്*
*അതിരൂപതാ അധ്യക്ഷൻ*

## പുൽക്കൂട് ചരിത്രം

**ബെ**ത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ ഉണ്ണിയേശു പിറന്നുവെന്ന വിശ്വാസത്തെ പിൻപറ്റിയാണ് ക്രിസ്തുമസിന്പുൽക്കൂടൊരുക്കുവാൻ തുടങ്ങിയത്. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടു മുതൽ ഈ രീതി നിലനിന്നിരുന്നതായി കരുതപ്പെടുന്നു. എന്നാൽ 1223ൽ വിശുദ്ധ ഫ്രാൻസീസ് അസീസ്സി ഒരുക്കിയ പുൽക്കൂടാണ് ഈ ആചാരത്തെ സാർവത്രികമാക്കിയത്. പ്രകൃതി സ്നേഹിയായിരുന്ന ഫ്രാൻസീസ് ജീവനുള്ള മൃഗങ്ങളുമായി യഥാർത്ഥ കാലിത്തൊഴുത്താണ് അവതരിപ്പിച്ചത്. പുൽക്കൂട്ടിലെ വിനയത്തിന്റെ സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യവുമായി അദ്ദേഹമൊരുക്കിയതായിരുന്നു ആ പുൽക്കൂട്. ഇന്ന് ലോകവ്യാപകമായി ക്രിസ്തീയ ഭവനങ്ങളിൽ ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട എല്ലാവരുടെയും ചെറുരൂപങ്ങൾ അണി നിരത്തി പുൽക്കൂട് ഒരുക്കുന്നു. ഉണ്ണിയേശു, അമ്മ മേരി, ജോസഫ്, ജ്ഞാനികൾ, ആട്ടിടയന്മാർ, ആടുമാടുകൾ എന്നിവരുടെ രൂപങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

## ക്രിസ്തു എന്ന നക്ഷത്രം






**ക്രീ**സ്തീയതയിലെ ഏറ്റവും വലിയ അത്ഭുതവും വിശ്വാസ രഹസ്യവുമാണ് ക്രിസ്തുമസ് അനാവരണം ചെയ്യുന്നത്. സ്രഷ്ടാവ് സൃഷ്ടിയാകുന്ന, സർവ്വശക്തൻ നിസ്സഹായനായി ശിശുവാകുന്ന, സർവ്വപരിപാലകൻ പരിലാളനയ്ക്കായികേഴുന്ന ഈ രാത്രിയുടെ രഹസ്യം മനുഷ്യബുദ്ധിക്ക് അതീതമാണ്. ക്രിസ്തുമസിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ക്രിസ്തുമസ് നക്ഷത്രങ്ങളുടെ ഉത്സവകാലമാണ്. പല രീതിയിലും വർണ്ണത്തിലുമുള്ള നക്ഷത്രങ്ങൾ ക്രിസ്തുമസിന്റെ തനിമയാണ്. പാപാന്ധകാരത്തിലാണ്ടുപോയ ലോകത്തെ വീണ്ടെടുക്കുവാൻ വന്നവന് നക്ഷത്രത്തെക്കാളം യോജിച്ചൊരു പ്രതീകാത്മകത കണ്ടെത്താനാവില്ല. മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി ജനിച്ച ഭാഗ്യനക്ഷത്രമാണ് ക്രിസ്തു. അവന്റെ പ്രകാശത്തിൽ നടക്കുന്നവരെയെല്ലാം ലക്ഷ്യത്തിലെത്തിക്കുന്നു. അവനാകുന്ന നക്ഷത്രത്തെ നോക്കിയവരെല്ലാം പ്രകാശിതരായി. ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ഭാഗ്യനക്ഷത്രമായി ക്രിസ്തു ഉദിക്കുന്ന ദിനമാണു ക്രിസ്തുമസ്. നാളിതുവരെ ഇരുളിലും മരണത്തിന്റെ നിഴലിലുമാണ് നാം ജീവിച്ചിരുന്നതെങ്കിലും ക്രിസ്തുമസ് നമ്മുടെ ജീവിതത്തിന്റെ ഗതി മാറ്റുകയാണ്.

യേശു ജനിച്ച സ്ഥലം എവിടെയാണെന്ന് അറിയാതിരുന്ന ജ്ഞാ നികൾക്ക് യേശുവിലേക്കുള്ള വഴി കാട്ടിയാകുന്നത് നക്ഷത്രമാണ്. വഴികാട്ടികളെന്ന് നമുക്ക് ഈ നക്ഷത്രങ്ങളെ വിശേഷിപ്പിക്കാം. ഈശോയെ കാണാനും ജീവിതത്തിൽ സ്വീകരിക്കാനും ആഗ്രഹിച്ച് അവനിൽ എത്തിച്ചേരുവാൻ വഴിമുട്ടി നിൽക്കുന്നവർക്ക് നമ്മൾ ഒരു വഴികാട്ടിയാകണം എന്ന സന്ദേശമാണ് ഈ നക്ഷത്രങ്ങൾ നമുക്ക് നൽകുന്നത്.

വെറുതെ ആൾക്കൂട്ടത്തിൽ ഒരാളായി ജീവിച്ച് മരിച്ചുപോകേണ്ടവരല്ല നമ്മൾ; മറിച്ച് ഭൂമിയിൽ സംഭവിക്കുന്ന ചില മാറ്റങ്ങളെ മനസ്സിലാക്കി അതിൽ ദൈവസാന്നിധ്യങ്ങളെ, ദൈവീക ഇടപെടലുകളെ പ്രകാശിപ്പിക്കുന്ന അടയാളങ്ങളായി മാറേണ്ടവരാണ്. നമ്മുടെ അസ്തിത്വത്തിന്റെ അർത്ഥം കണ്ടെത്തുവാനും സ്വയം പ്രകാശിക്കാനും അനേകരുടെ വഴിത്താരകളിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളായി മാറുവാനും മിഷൻലീഗ് അംഗങ്ങളായ ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും ആഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ....

*മാർ ജോസഫ് പാംപ്ലാനി*
*(അതിരൂപതാ സഹായ മെത്രാൻ)*



## ഇടം കിട്ടാത്ത ഇടയൻ

**ഇ**ടങ്ങൾ നഷ്ടപ്പെടുന്ന ലോകത്താണ് നാം. മത്സര്യത്തിന്റെയും ചതികളുടെയും ലോകത്ത്... ആരാലും തഴയപ്പെടുന്നവർ, ആരാലും തകർക്കപ്പെടുന്നവർ, ആരാലും തള്ളപ്പെടുന്നവർ....

രണ്ടായിരം വർഷങ്ങൾക്ക് മുൻപ് കാലിത്തൊഴുത്തിൽ പിറന്നവൻ ലോകത്തിലെ സകല തഴയപ്പെടുന്നവർക്കും തഴയപ്പെട്ടവർക്കും, പാപികൾക്കുംവേണ്ടി ദൈവസുതനായി അവതരിച്ചവനാണ്.

നാം ഈ നാളുകളിൽ ദൈവപുത്രന്റെ പിറവിയെ ആഘോഷിക്കുമ്പോൾ ഒരെത്തി നോട്ടം നല്ലതല്ലേ. എല്ലാ നന്മകളും നഷ്ടപ്പെടുന്ന ലോകത്താണ് ഇന്ന് നാം. നന്മയുടെ അവതാരങ്ങൾ ആയി വേഷം കെട്ടാതെ നന്മ തന്നെയായി മാറണം നാം. അതല്ലേ ഹൃദയങ്ങളാകുന്ന പുൽക്കൂടുകളിൽ സംഭവിക്കേണ്ടത്. ഒരു പരിവർത്തനം അനിവാര്യമല്ലേ? ആവശ്യമല്ലേ ? അപരന് ഇടം നൽകുന്നവരാകാൻ നമുക്ക് കഴിയണം. അതാകട്ടെ ക്രിസ്തുമസ് തിരുപ്പിറവി നമുക്ക് നൽകുന്ന സന്ദേശം. ഇന്നും അവൻ ഇടംതേടി നമ്മുടെ ഹൃദയകവാടം മുട്ടുന്നു... കൊടുക്കാം നമ്മുടെ ഹൃദയത്തിന് അവനായി ഇടം. നന്മകൾ നേർന്നുകൊണ്ട്...

*ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ*
*ഡയറക്ടർ*
*വിശ്വാസ പരിശീലന കേന്ദ്രം*


എടൂർ മേഖല പ്രവർത്തന വർഷ ഉദ്ഘാടനം


ചെറുപുഴ മേഖല ബെസ്റ്റ് ശാഖ ട്രോഫി വിതരണം


ചെമ്പേരി മേഖലാ മാർഗ്ഗരേഖ പ്രകാശനം


കുന്നോത്ത് മേഖല നല്ലയിടൻ പദ്ധതിയിൽ ആട് വിതരണം


കാഞ്ഞങ്ങാട് മേഖലാ സൈക്കിൾ വിതരണം


മേരിഗിരി മേഖലാ പ്രവർത്തന വർഷ ഉദ്ഘാടനം


ആലക്കോട് മേഖല പ്രവർത്തന വർഷ ഉദ്ഘാടനം

# ഉണ്ണിയെ മറന്ന ക്രിസ്മസ് കരോൾ

ഓർമകളിൽ



ക്രിസ്തുമസ് കരോൾ യാത്രകൾ എന്നും ഹരമായിരുന്നു. കുട്ടിക്കാലത്ത്, ഇടവക കരോൾ സംഘങ്ങൾ എണ്ണത്തിൽ കുറവും ആൾബലംകൊണ്ട് ആകർഷകവുമായിരുന്നു. ക്രിസ്തുമസ് ദിവസം വൈകിട്ടാരംഭിക്കുന്ന കരോൾ യാത്രകൾ പിറ്റേന്ന് പുലർച്ചെവരെ നീണ്ടു പോയിരുന്നു. കൊടും തണുപ്പിൽ കൂട്ടായ്മയുടെ ചൂടിൽ മുന്നേറുന്ന കരോൾ യാത്രകൾ സുഖമുള്ള ഓരോർമ്മയാണ്.

സ്കൂൾ പഠനക്കാലത്താണ്... കരോൾ യാത്രയിൽ രസകരമായ ഒരു സംഭവമുണ്ടായി ഇരുപതിലധികം കുട്ടികൾ സംഘത്തിലുണ്ട്, ഊഴം വെച്ച് ഞങ്ങൾ കുട്ടികൾ തന്നെയാണ് തിരുസ്വരൂപം വഹിച്ചിരുന്നത്. മുറ്റത്ത് മനോഹരമായി പുൽക്കൂട് തീർത്ത ഒരു വീട്ടിലെ സന്ദർശനവും കാപ്പികുടിയും കഴിഞ്ഞ് കുറച്ച് ദൂരകൂടുതലുള്ള മറ്റൊരു വീട്ടിൽ സംഘം എത്തിയപ്പോഴാണ് ഉണ്ണിയേശു കൂടെയില്ല എന്നുള്ള സത്യം മനസ്സിലാവുന്നത്. അതുവരെ രൂപം എടുത്തിരുന്ന കുട്ടിയോട് അന്വേഷിച്ചപ്പോൾ, കഴിഞ്ഞ വീടു മുതൽ മറ്റൊരാളെ ഏൽപ്പിച്ചിരുന്നു എന്നു മറുപടി. ഏറ്റെടുത്ത ആളെ നോക്കിയപ്പോൾ അയാൾ സംഘത്തിലില്ല.! ചേട്ടന്മാർക്ക് വേവലാതിയായി. ഏതാനും പേർ മുൻ വീട്ടിലേക്ക് അന്വേഷിച്ചു പോയി. അവിടെ അവർ കണ്ടു ഉണ്ണി യേശു സുഖമായ് പുൽക്കൂട്ടിൽ ഉറങ്ങുന്നു. ഉണ്ണി യേശുവിനെ വഹിക്കേണ്ട ഊഴക്കാരൻ സമീപ ത്തെ ബെഞ്ചിൽ കിടന്ന് കൂർക്കം വലിക്കുന്നു. ഇതൊന്നും അറിയാതെ വീട്ടുകാർ വീടി നുള്ളിലും. ഏതായാലും കുട്ടി സഹിതം ഉണ്ണി യേശുവിനെ തിരികെ കൊണ്ടുവന്ന് കരോൾ തുടർന്നു.

പിറ്റേ ഞായറാഴ്ച ബഹു. വികാരിയച്ചൻ കരോൾ സംഘത്തിലെ മുഴുവൻ കുട്ടികളെയും കസ്റ്റഡിയിൽ എടുത്ത് വിചാരണ ചെയ്തു. ശിക്ഷ ഒന്നും ഉണ്ടായിരുന്നില്ല. മൺമറഞ്ഞുപോയ ആ വൈദിക ശ്രേഷ്ഠന്റെ ഉപദേശം ഇന്നും ഓർമ്മയിലുണ്ട്.... "മേലിൽ ഉണ്ണീശോയെ മറന്നുപോവരുത്" "കരോളിലും ജീവിതത്തിലും". പ്രിയപ്പെട്ടവരെ നമ്മുടെ ക്രിസ്തുമസ് കരോൾ യാത്രകളിലും പ്രത്യേകിച്ച് ജീവിതയാത്രയിലും ഉണ്ണീശോ കൂടെയുണ്ട് എന്ന് ഉറപ്പ് വരുത്തണേ...

**ക്രിസ്തുമസ് പുതുവത്സരാശംസകൾ...**



തോമസ് പാറക്കൽ

## മിഷൻജ്യോതി ക്വിസ് – 2020

1 "ഇത് എന്റെ അമ്മച്ചിക്ക് ഒത്തിരി ഇഷ്ടമുള്ള നിറമാ..." ആര് ആരോട് പറഞ്ഞു ?
2 ഈ ദിവ്യപൈതലിനെ (ഉണ്ണീശോ) സ്വീകരിക്കാൻ നമുക്ക് എങ്ങനെ ഒരുങ്ങാം ?
3 യേശുവിനെ വധിക്കാൻ ആലോചിച്ച ഹേറോദോസിന്റെ നയം രേഖപ്പെടുത്തിയ സുവിശേഷകൻ ?
4 ക്രിസ്തുമസ് മരങ്ങളുടെ പിരമിഡ് ആകൃതി ഏത് രാജ്യക്കാരുടേത് എന്നാണ് കരുതപ്പെടുന്നത് ?
5 എന്തിന്റെ അനുസ്മരണമാണ് ക്രിസ്തുമസ് ?
6 വി. ഫ്രാൻസീസ് അസ്സീസി അവതരിപ്പിച്ച കാലിത്തൊഴുത്തിന്റെ പ്രത്യേകത ?
7 നമുക്ക് നക്ഷത്രങ്ങളെ എങ്ങനെ വിശേഷിപ്പിക്കാം ?
8 ലോകത്തെ വീണ്ടെടുക്കുവാൻ വന്നവന്.............ക്കാളും യോജിച്ച മറ്റൊരു പ്രതീകാത്മകത കണ്ടെത്താനാവില്ല.
9 ഇന്ന് കാണുന്ന സാന്താക്ലോസ് വീടുകളിലെത്തി ആശംസകൾ നേരാൻ തുടങ്ങിയത് ഏത് രാജ്യത്താണ്. ?
10 ഉണ്ണീയേശുവിനെ വഹിക്കേണ്ട ഊഴക്കാരൻ എന്ത് ചെയ്യുന്നതായാണ് അന്വേഷിച്ചു ചെന്നവർ കണ്ടത്?
11 എന്തിന്റെ പ്രവാചകരും പ്രചാരകരും ആകാനാണ് സ്വർഗ്ഗം ഇന്ന് എന്നെ വിളിക്കുന്നത്. ?
12 ഈ കൊറോണയുടെ കാലഘട്ടത്തിൽ ക്രിസ്തുമസ് നൽകുന്ന സന്ദേശം എന്ത് ?
13 ഈശോയെ കാണാൻ ആഗ്രഹിക്കുന്നവർക്ക് നാം എന്താകണം എന്ന സന്ദേശമാണ് നക്ഷത്രം നമുക്ക് നൽകുന്നത് ?
14 എന്ത് ഞാൻ തരണം എന്നു ചോദിക്കവെ അവൻ ചൊല്ലിയത് എന്താണ് ?
15 തമിഴകർ ക്രിസ്തുമസ് പപ്പയെ വിളിക്കുന്നത് ?
(*എല്ലാ ഉത്തരങ്ങളും ഈ ലക്കം മിഷൻ ജ്യോതിയിൽ ലഭ്യമാണ്.)

# ഇന്നും ജീവിക്കുന്നു



ഒരു വ്യക്തി ജനിക്കുന്നതിനും 600–700 വർഷങ്ങൾക്ക് മുമ്പ് അവൻ എവിടെ ജനിക്കും എന്നും പേര് എന്തായിരിക്കും എന്നും ജനനത്തിന്റെ പ്രത്യേകതകളും ജീവിതരീതികളും മരണവും എന്നു തുടങ്ങി ആ വ്യക്തിയെ സംബന്ധിക്കുന്ന എല്ലാ പ്രധാന സംഭവങ്ങളും ഒന്നിലധികം വ്യക്തികൾ പരസ്പരം പൂരകമാംവിധം പ്രവചിക്കുന്നു... മുൻകൂട്ടി പ്രവചിച്ച സകല കാര്യങ്ങളും നൂറ്റാണ്ടുകൾക്കുശേഷം കാലിത്തൊഴുത്തിൽ പിറന്ന ആ ശിശുവിൽ നിറവേറുന്നു അതാണ് യേശുക്രിസ്തു. പ്രപഞ്ചത്തിന്റെ നാഥന് തന്റെ സൃഷ്ടിയായ നക്ഷത്രം വഴികാട്ടുന്നു... ഈ ശിശു രാജാവും പുരോഹിതനും പ്രവാചകനുമാണെന്ന് രാജാക്കന്മാർ തിരിച്ചറിഞ്ഞ് പൊന്നും മീറയും കുന്തിരിക്കവും കാഴ്ചവെക്കുന്നു... സൈന്യബലത്തിൽ ശക്തനായ ലോകത്തിന്റെ രാജാവ്–ഹേറോദോസ്–പിറന്നുവീണ ആ ശിശുവിനെ ഭയക്കുന്നു. തുടർന്ന് നൂറുകണക്കിന് ശിശുക്കളെ വധിക്കുന്നു.... നാടിന്റെ ആ നിലവിളിയും നൂറ്റാണ്ടുകൾക്ക് മുൻപ് രേഖപ്പെടുത്തി വയ്ക്കുന്നു. വരുവാനിരിക്കുന്ന സകല ജനത്തിനും അപ്പമായി തീരേണ്ടവൻ അപ്പത്തിന്റെ ഭവനം എന്നർത്ഥം വരുന്ന ബെത്ലെഹെമിൽ ജനിക്കുന്നു. തന്റെ ജീവിതത്തിൽ അവൻ നൽകിയ സകല വാഗ്ദാനങ്ങളും നിറവേറ്റിക്കൊണ്ട് അവൻ ഇന്നും ജീവിക്കുന്നു.... നിത്യജീവന്റെ അപ്പമായ്.... പൂട്ടി മുദ്രവച്ച കല്ലറയും പൊതിഞ്ഞ കച്ചയും പകുത്തു നൽകിയ തന്റെ ശരീരവും പരീക്ഷണ നിരീക്ഷണങ്ങൾക്ക് വിധേയമാക്കി ശാസ്ത്രവും പറയുന്നു ഇവൻ ഇമ്മാനുവേൽ–ദൈവം നമ്മോടുകൂടെ–അവൻ ഇന്നും ജീവിക്കുന്നു.അവനാണ് ലോകരക്ഷകൻ ഈ ഓർമ്മപ്പെടുത്തലാകട്ടെ ഓരോ ക്രിസ്തുമസും.


പൈസക്കരി കിങ്ങിണിക്കൂട്ടം കോഴി വിതരണം

## ഇവരെ കണ്ടെത്താമോ ?

**പൂജ്യരാജാക്കന്മാർ, ആടുമാടുകൾ, വികാരിയച്ചൻ, കർത്താവിന്റെ അമ്മ, കോഴി, അർക്കലോവുസ്, ബിഷപ്പ്, ജർമ്മൻ രാജകുമാരൻ, സർപ്പം, കുടുംബം**

മിഷൻജ്യോതിയിൽ ഒളിഞ്ഞിരിക്കുന്ന ഇവരെ എവിടെയൊക്കെയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കണ്ടെത്തുക. പൂർണ്ണമായും കണ്ടെത്തിയാൽ ഉടൻ ശാഖ വൈസ് ഡയറക്ടറെ അറിയിക്കുക. ശരിയുത്തരം നൽകിയവരിൽനിന്നും സമ്മാനർഹരുടെ പേരുകൾ ശാഖ വൈസ് ഡയറക്ടർ അതിരൂപതയിൽ അറിയിക്കുമല്ലോ.



പദപ്രശ്നം, മിഷൻജ്യോതി ക്വിസ് എന്നിവയുടെ ഉത്തരങ്ങൾ എത്രയും വേഗം കണ്ടെത്തി അതിരൂപതാ ഓഫീസിൽ അറിയിക്കുക. പദപ്രശ്നം കോളങ്ങൾ വരച്ച് എഴുതുക.

**വേഗമാകട്ടെ...** ആദ്യം ആദ്യം അയക്കുന്നവരിൽ നിന്നാണ് സമ്മാനർഹരെ കണ്ടെത്തുന്നത്.



MERRY CHRISTMAS & HAPPY NEW YEAR

# മനസാകുന്ന പുൽക്കൂട്

*കഥ*



മഞ്ഞുപെയ്തുകൊണ്ടിരിക്കുന്ന പ്രഭാതം... വഴിയോരത്തെ ചെടികളിൽ കണ്ണുനീർതുള്ളിപോൽ താഴേയ്ക്ക് വീഴുവാൻ വെമ്പൽ കൊള്ളുന്ന ഹിമകണങ്ങൾ... ഇടവഴിയിലൂടെ അതിവേഗം മരിയ മുന്നോട്ട് നടന്നു. അമ്മച്ചി നട്ടുവളർത്തിയ റോസാചെടിയിൽനിന്നും മുറിച്ചെടുത്ത ഒരുപിടി റോസാപൂക്കൾ അവളുടെ കൈയ്യിൽ ഭദ്രമായിരുന്നു. മരിയ പള്ളിയുടെ പിന്നാമ്പുറത്ത് കൂടി സിമിത്തേരിയിൽ എത്തി. തന്റെ കൈയ്യിലുള്ള കുഞ്ഞു റോസാപൂക്കൾ അവൾ അമ്മച്ചിയുടെ കല്ലറയുടെ മുകളിൽ വെച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. അവൾ അറിയാതെ അവളുടെ മിഴികൾ നിറഞ്ഞൊഴുകി... കഴിഞ്ഞ വർഷത്തെ ക്രിസ്തുമസ് രാത്രി അവളുടെ ഓർമ്മയിലെത്തി. പാതിരാകുർബാന കഴിഞ്ഞ് താനും അപ്പച്ചനും അമ്മച്ചിയും വല്യമ്മച്ചിയും എത്ര സന്തോഷത്തോടുകൂടിയാണ് വീട്ടിൽ എത്തിയത്. അന്നേ ദിവസം വൈകുന്നേരം ആയപ്പോഴേക്കും അമ്മച്ചി വല്ലാതെ ഛർദ്ദിക്കുവാൻ തുടങ്ങി. അതിനെ തുടർന്ന് തളർച്ച അനുഭവപ്പെടുകയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു. തുടർന്നുള്ള പരിശോധന ഫലം കാര്യങ്ങൾ ഒക്കെ കീഴ്മേൽ മറിച്ചു. അമ്മച്ചിയുടെ ശരീരത്തെ ഗുരുതരമായ കാൻസർ ബാധിച്ചിരിക്കുന്നു. അതിനെ തുടർന്നുണ്ടായ കീമോയും റേഡിയേഷനും സുന്ദരിയായ അമ്മച്ചിയെ വിരൂപയാക്കി. പ്രതീക്ഷ കൈവിടാതെ ചികിത്സാ തുടർന്നെങ്കിലും കാൻസർ എന്ന വില്ലനോടൊപ്പം അതിഥിയായി എത്തിയ ന്യൂമോണിയ അമ്മച്ചിയുടെ ജീവൻ കവർന്നെടുത്തു... പള്ളിയിൽ നിന്നുള്ള കൂട്ടമണി മരിയയുടെ കാതുകളിൽ മുഴങ്ങി. തന്റെ ഓർമ്മകളിൽനിന്നും അവൾ തിരിച്ചു വന്നു. പെട്ടെന്ന് സിമിത്തേരിയിൽ നിന്ന് പള്ളിയിലേയ്ക്ക് പോകാൻ നോക്കുമ്പോഴാണ് തന്റെ പ്രിയ കൂട്ടുകാരി അന്നകുട്ടിയെ കണ്ടത്. അവളുടെ മുഖത്ത് പതിവുള്ള പുഞ്ചിരി മരിയ കണ്ടില്ല. അന്നകുട്ടി എന്നും ധരിക്കാറുണ്ടായിരുന്ന കീറൽ തുന്നിച്ചേർത്ത പഴയൊരു ഉടുപ്പായിരുന്നു ആ ക്രിസ്തുമസിനും അവൾ ധരിച്ചിരുന്നത്. അത് മരിയയെ വല്ലാതെ മുറിപ്പെടുത്തി. അന്നേ ദിവസം കുർബാന കഴിഞ്ഞ് മരിയ അന്നകുട്ടിയെ തന്റെ വീട്ടിലേയ്ക്ക് കൊണ്ടുപോയി. തനിക്ക് പപ്പ മേടിച്ചു തന്ന പുത്തൻ ഉടുപ്പ് മരിയ അന്നകുട്ടിയ്ക്ക് കൊടുത്തുകൊണ്ടു പറഞ്ഞു. "അന്നകുട്ടി ദേ നോക്കിയേ... ഇത് നിനക്ക് നന്നായി ചേരും. എന്റെ അമ്മച്ചിയ്ക്ക് ഒത്തിരി ഇഷ്ടമുള്ള നിറമാ... ഇത് നിനക്ക് ഇരിക്കട്ടെ.... എന്റെ വക ഒരു കുഞ്ഞുസമ്മാനം. അന്നകുട്ടി പുഞ്ചിരിച്ചുകൊണ്ട് സമ്മാനം സ്വീകരിച്ചു. "അമ്മച്ചി എപ്പോഴും പറയും, ക്രിസ്തുമസി ന് നമ്മുടെ ഒക്കെ ഹൃദയത്തിലാണ് ഉണ്ണീശോ പിറക്കേണ്ടത് എന്ന്. അന്നകുട്ടിയോട് മരിയ ഇതുപറയുന്നത് കേട്ടപ്പോൾ അവളുടെ അപ്പച്ചന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അവർ ഒരുമിച്ച് ഭക്ഷണം കഴിച്ചു. അന്നകുട്ടി സന്തോഷത്തോടുകൂടി തന്റെ വീട്ടിലേക്കു നടന്നു. പെട്ടെന്നാണ് മരിയ്ക്ക് ഒരു കാര്യം ഓർമ്മ വന്നത്. അന്നകുട്ടി നിൽക്ക് ഒരു കാര്യം പറയാൻ മറന്നു.

"ഹാപ്പി കിസ്തുമസ്"

**************



**ഏയ്ഞ്ചൽ മരിയ**
**നെല്ലിനിക്കുംതടത്തിൽ**

## പദപ്രശ്നം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | | | ൻ | 2 | | 7 സ | | |
| | 8 | | | | | | | |
| | | | | 9 | | | | |
| 3 | | | | ന്നാ | | | | |
| 10 | | | | | | | | |
| | | | 11 ആ | | 4 | | 12 ദാ | |
| 5 യാ | | | | | | | | |
| | | | | 6 ഏ | | | | |
| | | | | | | | | |

**വലത്തോട്ട് (ബ്രായ്ക്കറ്റിൽ അക്ഷരങ്ങളുടെ എണ്ണം)**

1 ദൈവത്തിന്റെ ഛായ പേറുന്നവൻ (4)
2 കർത്താവിന്റെ അമ്മ എന്ന് മാതാവിനെ വിളിച്ചു. (4)
3 ദൈവത്തിന് തന്റെ സൃഷ്ടികളെക്കുറിച്ചുള്ള അഭിപ്രായം (9)
4 ആദിമാതാപിതാക്കൾക്ക് ശിക്ഷയോടൊപ്പം ദൈവം നൽകി. (4)
5 യൗസേപ്പ് പിതാവുമായി അടുത്ത ബന്ധം (3)
6 യുവതി ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കും എന്ന് പ്രവചിച്ചു. (3)

**താഴേക്ക് (ബ്രായ്ക്കറ്റിൽ അക്ഷരങ്ങളുടെ എണ്ണം)**

7 കൗശലമേറിയ സൃഷ്ടി (3)
8 ലൂക്കാ 1:31ൽ പറയുന്ന പുത്രൻ (2)
9 ഫനുവേലിന്റെ പുത്രി (2)
10 സഖറിയാ ഈ ഗണത്തിൽപെടുന്നു (5)
11 സകല സൃഷ്ടികളുടെയും മേൽ ദൈവം മനുഷ്യന് നൽകിയതാണ് (4)
12 ജോസഫ് ഈ വംശത്തിൽപ്പെട്ടതാണ് (4)



അതിരൂപതാ തലം ഒക്ടോബർ 01

## സന്മനസ്സുള്ളവർക്ക് സമാധാനം...



സ്വർഗ്ഗവും ഭൂമിയും ഒന്നായി... ആത്മീയതയുടെ കുളിരണിഞ്ഞ് നക്ഷത്രപ്രഭ ചൊരിഞ്ഞ പുണ്യരാത്രി...
സർവ്വത്തിന്റെയും ഉടയവൻ... ഇല്ലായ്മകളുടെ നടുവിൽ നമുക്ക് നൽകുന്നു, സർവ്വജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത "നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു." എത്ര വലിയ പ്രതിസന്ധിയിലും ഈ സന്തോഷത്തിന്റെ വലിയ സദ്വാർത്ത നമുക്ക് പ്രത്യാശ നൽകട്ടെ.

എന്നിൽ... എന്റെ ഹൃദയത്തിൽ... എന്റെ ഭവനത്തിൽ... ഇടവകയിൽ ഞാൻ ആയിരിക്കുന്ന ഇടങ്ങളിൽ ക്രിസ്തുവിന് ജനിക്കാൻ ഇടം നൽകാം. ഈ ലോകത്ത് വലിയ സന്തോഷത്തിന്റെ ആ സദ്വാർത്തയുടെ പ്രവാചകരും പ്രചാരകരുമാകാൻ... സ്വർഗ്ഗം ഇന്ന് എന്നെ വിളിക്കുന്നു... ആട്ടിടയന്മാരെപ്പോലെ... പരിശുദ്ധ അമ്മയെപ്പോലെ... രക്ഷകനെ കാണുവാൻ.. കൊടുക്കുവാൻ തിടുക്കമുള്ളവരാകാം...

സന്മനസ്സുള്ളവർക്ക്
സമാധാനം...



തോമാപുരം മേഖല നല്ലയിടൻ പദ്ധതി



പനത്തടി മേഖല ഓണകിറ്റ് വിതരണം



നെല്ലിക്കാംപൊയിൽ മേഖല നല്ലയിടൻ പദ്ധതി ആട് വിതരണം



വായാട്ടുപറമ്പ് മേഖല പ്രവർത്തന വർഷ ഉദ്ഘാടനം



തളിപ്പറമ്പ് മേഖല കർഷകനെ ആദരിച്ചപ്പോൾ




പേരാവൂർ മേഖല സ്വാതന്ത്ര്യദിനാഘോഷം



വെള്ളരിക്കുണ്ട് മേഖലാ കാർഷികവൃത്തി പ്രച്ഛന്നവേഷ മത്സരത്തിൽനിന്ന്



**MERRY CHRISTMAS & HAPPY NEW YEAR**

# ചരിത്രപുരുഷനായ യേശു





മനസ്സുകളിൽ കുളിർമ്മ വിതറിക്കൊണ്ട് വീണ്ടും ക്രിസ്തുമസ് വന്നെത്തി. ലോകത്തിന്റെ സൃഷ്ടാവും പരിപാലകനുമായവൻ വിണ്ണിൽ നിന്നും മണ്ണിലേക്കിറങ്ങി. ചരിത്ര പുരുഷനായി.

യേശു ദാവീദിന്റെ വംശത്തിൽ ജനിച്ചവനാണ് എന്ന് വി. മത്തായിയുടെ സുവിശേഷത്തിലും (മത്താ. 1:17) ലൂക്കായുടെ സുവിശേഷത്തിലും (ലൂക്കാ 3:23-37) സൂചിപ്പിക്കപ്പെട്ടിരി ക്കുന്നു. അതോ ടൊപ്പം പഴയ നിയമത്തിൽ കാണപ്പെടുന്ന അനേകം പ്രവചനങ്ങളുടെ പൂർത്തീകരണ മാണ് യേശുവിന്റെ ജനനം. (സംഖ്യ. 24:17, ഏശയ്യ 11:1, ജെറെമിയ 23:5-6, മിക്കാ. 5:2) ഇതോടൊപ്പം വി. ലൂക്കായുടെ സുവിശേഷത്തിൽ സൂചിപ്പിച്ചിട്ടുള്ള ജനസംഖ്യയുടെ പശ്ചാത്തലം യേശുവിന്റെ ജനനം ബെത്‌ലെഹെമിൽ ആയിരുന്നു എന്ന് ചൂണ്ടിക്കാണിക്കുന്നു. അതോടൊപ്പം ബാലനായ യേശുവിനെ വധിക്കാൻ ആലോചിക്കുന്ന ഹേറോദോസിന്റെ നയം മത്തായി തന്റെ സുവിശേ ഷത്തിൽ രേഖപ്പെടുത്തുന്നുണ്ട്. (മത്തായി 2:16-18) ഹേറോദോസിന്റെ മകനായ അർക്കലോവൂസ് രാജാവായിരിക്കുന്ന കാലത്ത് തിരുക്കുടുംബം ഈജിപ്തി ൽനിന്നും യൂദായിലേക്ക് തിരിച്ചു വരാതെ നസ്രത്തിൽ പോയി താമസിക്കുന്നതും ചരിത്രത്തിൽ ഉണ്ടായ ഒരു സംഭവമാണ് ക്രിസ്തു ജനനം എന്ന് നമുക്ക് കാണിച്ചുതരുന്നു. (മത്ത. 2:19-29)

*ഫാ. ബിനീഷ് വേങ്ങക്കുന്നേൽ*
*ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി*

# ക്രിസ്തുമസ് ട്രീ



ക്രിസ്തുമസ് വന്നാൽ നാം ആദ്യം അലങ്കരിക്കുന്നത് ക്രിസ്തുമസ് ട്രീകളാണല്ലോ. വിവിധ നിറങ്ങളിലുള്ള ചെറിയ ബോളുകളും തൂക്കിയിട്ടും, അലങ്കാരമാലകൾ ചാർത്തിയും, നക്ഷത്രങ്ങൾ തെളിച്ചുമൊക്കെ നാം ക്രിസ്തുമസ് ട്രീ അലങ്കരിക്കാറുണ്ടല്ലോ.

1605ൽ ജർമ്മനിയിലാണ് ക്രിസ്മസ് ട്രീയുടെ ഉത്ഭവം. ജർമ്മൻ രാജകുമാരനിൽനിന്നും ഇംഗ്ലണ്ടിലേക്കും, ജർമ്മൻ കുടിയേറ്റത്തിൽനിന്നും അമേരിക്കയിലേക്കും ക്രിസ്തുമസ് ട്രീ എത്തിയെന്ന് പറയപ്പെടുന്നു.

സാൻഡിനോവ രാജ്യം വൃക്ഷങ്ങളെ ആരാധിക്കുന്നവരായിരുന്നെന്നും ഇവർ ക്രിസ്ത്യാനികളായപ്പോൾ ഈ ആചാരം തുടർന്നതാണെന്നും മറ്റൊരു പ്രബലമായ കണ്ടെത്തൽ ഉണ്ട്. ക്രിസ്മസ് മരങ്ങളുടെ പിരമിഡ് ആകൃതി ഇവരുടേതാണ്.

ലോകത്തിലെ ഏറ്റവും വലിയ ക്രിസ്മസ് ട്രീ 400 വർഷം പഴക്കമുള്ള കരോലിനയിലെ ഓക്കുമരങ്ങളാണ്. നിത്യഹരിത വൃക്ഷങ്ങൾ, ഫിർ മരങ്ങൾ, ദേവതാരു തുടങ്ങിയവയെ ല്ലാം ക്രിസ്മസ് ട്രീ മരങ്ങളായി വിവിധ സ്ഥലങ്ങളിൽ ഒരുക്കുന്നു. ജർമ്മനിയിലെ സ്ട്രാസ്ബർഗ്ഗിൽ ചെറി മരങ്ങളിൽ ബലൂണുകളും വർണ്ണക്കടലാസുകളും കൊണ്ട് അലങ്കരിക്കുന്നു. ക്രിസ്തുമസ് ട്രീയിൽ സമ്മാനപ്പൊതികൾ കരുതി വച്ച് പങ്കുവയ്ക്കുന്നത് ആനന്ദ ത്തിന്റെ വലിയ അനുഭവം പകരു ന്നതാണ്.



*സി. റോഷ്നി FCC*
*വൈസ് ഡയറക്ടർ*
*ചെറുപുഷ്പ മിഷൻലീഗ്*
*തലശ്ശേരി*

# ക്രിസ്തുമസ് കാർഡുകൾ




ക്രിസ്തുമസ് ആശംസാ സന്ദേശങ്ങളടങ്ങിയ ക്രിസ്തുമസ് കാർഡുകളാണ് ക്രിസ്തുമസ് ആഘോഷങ്ങളുടെ ഒരു പ്രത്യേകത. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മന സ്സുള്ളവർക്ക് സമാധാനം; എന്ന വാക്കാണ് ക്രിസ്തുമസ് കാർഡു കളിലേക്ക് പകരുന്നത്. ഈ ആഘോഷരീതി ഇന്ന് തികച്ചും മതേതരമായിട്ടുണ്ട്. നൂറ്റാണ്ടുകളോളം യേശുവിന്റെ ജനനത്തെ സൂചിപ്പിക്കുന്ന ചിത്രങ്ങളാണ് കാർഡുകളിൽ പതിപ്പിച്ചിരുന്നത്. 1846-ലാണ് ക്രിസ്തുമസ് കാർഡ് ആദ്യമായി ഉപയോഗിച്ചത്. എന്നാൽ ക്രിസ്തുമസ് ആഘോഷത്തെ കൂടുതൽ ജനകീയമാക്കുവാൻ ഇന്ന് മതപരമായ ചിത്രങ്ങൾ ഒഴിവാക്കിയാണ് പലപ്പോഴും ക്രിസ്തുമസ് കാർഡുകൾ ത യ്യാറാക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ ലോകരക്ഷകനായ യേശുവും യേശുവിന്റെ ജനനവും അത് നൽകുന്ന സന്ദേശവുമാണ് അറിഞ്ഞും അറിയാതെയും ഒഴിവാക്കുന്നതെന്ന് നാം തിരിച്ചറിയണം. അതിനാൽ നമ്മുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അതിന്റെ തനിമയിൽ നിലനിർത്താനും സംരക്ഷിക്കാനും നമുക്ക് പരിശ്രമിക്കാം.

"ഹാപ്പി
കിസ്തുമസ്"



*സുനിൽ മാത്യു*
*കല്ലിടുക്കിൽ*
*പ്രസിഡണ്ട്*

# പുൽക്കൂട്ടിലെ എന്റെ ചങ്ക്

*കവിത*



കൊടും തണുപ്പുള്ള ഈ രാത്രിയിൽ
ആ പുൽകൂട്ടിന്റെ നടുവിൽ
അമ്മതൻ മാറിൽ അമർന്നുറങ്ങും
ഈ ചെറിയ പയ്യൻ ആരാണ് ?
കുഞ്ഞുടുപ്പുകൾ ഇല്ലല്ലോ മേനിയിൽ
കച്ചിയിലമർന്നു കിടപ്പവൻ
താരകങ്ങൾ മിന്നുമാ രാത്രിയിൽ,
പ്രകാശം നിറഞ്ഞൊരാ ദിനത്തിൽ
രാജാക്കന്മാരുമെത്തി ഇവനെ കാണാൻ,
പൊന്നുംമീറകുന്തിരിക്കം നൽകിടാൻ
എന്ത് ഞാൻ തരണമെന്നു ചോദിക്കവെ,
നിന്നെ മാത്രം മതി എന്നു ചൊല്ലിയവൻ
അങ്ങനെ അവനെന്റെ ചങ്കായി,
ഞാൻ ഒരുങ്ങി ഇറങ്ങുമ്പോൾ, കൂടെയുണ്ട് !
ഞാൻ കരയുമ്പോഴും ചാരെയുണ്ട്
ആപത്തുകളിലുമൊരു താങ്ങായി,
എൻ നല്ല സുഹൃത്തായി അവൻ,
കണ്ണാടി വേണ്ടല്ലോ, ചങ്ങാതി ഉണ്ടേൽ,
ഇവനെൻ കൂടെയുണ്ടേൽ ആരും വേണ്ട,
എന്റെ സങ്കടങ്ങൾ കേൾക്കുവാൻ,
എനിക്കും സ്നേഹിക്കുവാൻ
എൻ പ്രിയ ചങ്കിവൻ, പുൽക്കൂട്ടിലെ ചങ്ക്,
അവനാണ് 'ഉണ്ണീയേശു'!



*ജോർജ് കണ്ണംകുളം*
*കരിക്കോട്ടക്കരി*


# ക്രിസ്തുമസ് നക്ഷത്രം

ക്രിസ്തുമസ് നാളുകളിൽ വീടുകളിൽ നക്ഷത്ര വിളക്കുകളിടുന്ന രീതി ചില രാജ്യങ്ങളിൽ നിലവിലുണ്ട്. കേരളത്തിലും ക്രിസ്തുമസിന്റെ പ്രധാന അലങ്കാരങ്ങളിലൊന്നാണിത്. യേശുവിന്റെ ജനനമറിഞ്ഞു ബെത്‌ലെഹെമിലേക്കു യാത്ര തിരിച്ച ജ്ഞാനികൾക്ക് വഴികാട്ടി യായ നക്ഷത്രത്തെയാണ് നക്ഷത്ര വിളക്കുകൾ തൂക്കി അനുസ്മരിക്കുന്നത്.

# ക്രിസ്തുമസ് തപാൽ സ്റ്റാമ്പുകൾ




ക്രിസ്തുമസ് കാർഡുകൾസ ജനകീയമായതോടെ ആശംസാ കാർഡുകളയക്കാൻ വേണ്ട തപാ ൽ സ്റ്റാമ്പുകളിലേക്കും ക്രിസ്തുമസ് ചിഹ്നങ്ങൾ വ്യാപിച്ചു. ഇന്ന് ഒട്ടുമിക്ക രാജ്യങ്ങളിലും ക്രിസ്തുമസ് ചിത്രങ്ങൾ പതിപ്പിച്ച സ്റ്റാമ്പുകൾ ലഭ്യമാണ്.



# പാതിരാവിൽ ഒരു സ്വർഗ്ഗീയ സംഗീതം

*കവിത*

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ മനുഷ്യർക്കു സമാധാനം
മാലാഖവൃന്ദങ്ങൾ പാടി
പാതിരാവിൽ ഒരു സ്വർഗ്ഗീയ ഗീതം
മണ്ണും വിണ്ണും മാനവരും
ധനുവിൻ കുളിരിൽ മയങ്ങുമ്പോൾ
ബെത്‌ലെഹെമിലെ പുൽക്കുടിലിൽ
രാജാധി രാജൻ ഭൂജാതനായ്
പൊന്ന്, മീറ, കുന്തുരുക്കം
കാഴ്ചയേകാനും വണങ്ങുവാനും
ജ്ഞാനികൾ മൂവരും ആട്ടിടയരും
വന്നെത്തി യേശുവിൻ സന്നിധിയിൽ
പാപം നിറഞ്ഞിടും ലോകമതിൽ
ഓരോ ക്രിസ്തുമസ് രാവിലും
രക്ഷകൻ ഈശോ പിറന്നീടണം
മാനവൻ തന്നുടെ ഹൃത്തടത്തിൽ



ദിയ അറയ്ക്കൽ

# സാന്താക്ലോസ്



ക്രിസ്മസ്‌വേളയിൽ നക്ഷത്രവും പുൽക്കൂടുമൊരുക്കി കുട്ടികൾ എന്നും കാത്തിരിക്കുന്നത് ബാന്റ് മേളത്തിന്റെ അകമ്പടിയോടെ വീട്ടിലെത്തുന്ന സാന്താക്ലോസിനെയാണ്.

സമ്മാനങ്ങൾ നൽകുന്നയാൾ എന്നർത്ഥം വരുന്ന "സെയ്ന്റ് നിക്കോളാസ് " എന്ന ഡച്ച് വാക്കിൽ നിന്നാണ് സാന്താക്ലോസ് എന്ന വാക്കിന്റെ ഉത്ഭവം. 4-ാം നൂറ്റാണ്ടിൽ ഗ്രീക്കിൽ ജീവിച്ചിരുന്ന ബിഷപ്പായിരുന്നു സെന്റ് നിക്കോളാസ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് സാമൂഹിക പ്രവർത്തനങ്ങളിൽ മുഴുകി യിരുന്ന നിക്കോളാസ് പാവപ്പെട്ടവർക്ക് അവർ അറിയാതെ പോലും ഒരുപാട് സമ്മാനങ്ങൾ നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായാണ് സാന്താക്ലോസ് എന്ന പേര് സ്വീകരിക്കപ്പെട്ടത്.

19-ാം നൂറ്റാണ്ടിൽ കാനഡയിലാണ് ഇന്നു കാണുന്നതുപോലെ വെള്ളത്താടിയും വൈറ്റ് കോളറും ചുവപ്പും വെള്ളയും ചേർന്ന വസ്ത്രവുമണിഞ്ഞ സാന്താ വീടുകളിലെത്തി ക്രിസ്തുമസ് ആശംസകൾ നേരാൻ തുടങ്ങിയത്.

സിനിമയിലും കഥകളിലും കവിതകളിലും ഇന്നും സാന്തായ്ക്ക് ഒരു രൂപമേയുള്ളൂ, വെളുത്തതാടിയും, ചുവന്നതൊപ്പിയും കയ്യിൽ സമ്മാനങ്ങളുമായി വരുന്ന സാന്താക്ലോസ്. മലയാളികൾ ക്രിസ്തുമസ് അപ്പൂപ്പനെന്നും തമിഴർ ക്രിസ്മസ് താത്തയെന്നും വടക്കേ ഇന്ത്യക്കാർ ക്രിസ്മസ് ബാബയെന്നും സാന്തയെ വിളി ക്കുന്നു. ജെയിംസ് ലോർഡ് പെയർപോയിന്റ് എഴുതിയ അമേരിക്കൻ ക്രിസ്മസ് ഗാനമായ 'ജിഗിംൾ ബെൽസ്' ആണ് സാന്തയെ അനുഗമിക്കുന്ന കോറസ്.



*ജയ്സൺ പുളിച്ചമാക്കൽ*
*ജനറൽ സെക്രട്ടറി*

**വരൂ..."നമുക്കും ബെത്‌ലെഹെം വരെ പോകാം" (ലൂക്കാ 2:15)**

**ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ...**

**ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത കുടുംബം**



Published by : Cherupushpa Mission League Archdiocese of Thalassery-Private circulation
Mariya Designs Ulikkal 9946618316